**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4285.** **25.06.2018 ൽ മറുപടിയ്ക്ക്**

## കോട്പ കേസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോറ്റ്പ കേസുകൾ വർദ്ധിച്ചുവരുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | 20/08/2014-ലെ ജി.ഒ(പി)155/2014/നി.വ. നമ്പർ സർക്കാർ വിജ്ഞാപന പ്രകാരം, കോട്പ ആക്ടിലെ സെക്ഷൻ 12 ഉം 13 ഉം പ്രകാരം നടപടി സ്വീകരിക്കുന്നതിന് എക്സൈസ് ഇൻസ്പെക്ടറെയോ അതിന് മുകളിൽ പദവിയിലുള്ള ഉദ്യോഗസ്ഥരെയോ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ആക്ടിൽ എക്സൈസ് വകുപ്പിന് അനുവദിച്ചിട്ടുള്ള അധികാരം ഉപയോഗിച്ച് കേസ് എടുത്ത് പിഴ ഈടാക്കി വരുന്നു. കൂടാതെ, സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ആയത് പ്രകാരം 2015-ൽ 6042 കേസുകളും, 2016-ൽ 23886 കേസുകളും, 2017-ൽ 5946 കേസുകളും, 2018-ൽ മേയ് മാസം വരെ 2950 കേസുകളും കണ്ടുപിടിച്ച് പിഴ ഈടാക്കിയിട്ടുണ്ട്. |
| (ബി) | വിദ്യാർത്ഥികൾക്കിടയിലെ ലഹരിയുടെയും മയക്കുമരുന്നിന്റെയും വ്യാപനം തടയാൻ സ്കൂൾ തലത്തിൽ സ്വീകരിച്ച നടപടികളെ കുറിച്ച് വിശദാംശം ലഭ്യമാക്കുമോ? | (ബി) | വിമുക്തി മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ലഹരി വിരുദ്ധ സന്ദേശം കുട്ടികളിൽ എത്തിക്കുന്നതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കയ്യെഴുത്ത് മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന, ഉപന്യാസ രചന, ചിത്ര രചന തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കുകയും ബോധവത്കരണ സന്ദേശം പകർന്നു നൽകുന്ന തെരുവുനാടകം, കയ്യുറ പാവ നാടകം തുടങ്ങിയ കലാരൂപങ്ങൾ സ്കൂളുകളിൽ അവതരിപ്പിച്ചുവരുന്നു. കഴിഞ്ഞ രണ്ട് വർഷമായി സ്കൂൾ/ കോളേജുകൾ, മറ്റുസ്ഥലങ്ങളിലുമായി എക്സൈസ് വകുപ്പ് 14136 ബോധവത്കരണ ക്ലാസ്സുകൾ നടത്തുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ**